# യേശു ആകുന്നു ഉത്തരം

## (മർക്കോസ് 2:1-12)

നിങ്ങളെക്കുറിച്ചു എല്ലാം എനിക്കറിഞ്ഞുകൂടാ. പക്ഷേ ഒന്നെനിക്കറിയാം; നിങ്ങളെ പ്രശ്നങ്ങൾ അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അതൊരു ആത്മീയപ്രശ്നമാകാം, ആരോഗ്യ പ്രശ്നമാകാം, സാമ്പത്തിക പ്രശ്നമാകാം, കുടുംബപ്രശ്നമാകാം വൈകാരിക പ്രശ്നമാകാം - എന്തായാലും നിങ്ങളെ ഒരു പ്രശ്നം അലട്ടിക്കൊണ്ടിരിക്കയാണ്. നമ്മ*ളെല്ലാം* ചിലതുമായി പോരാടുന്നുണ്ട്. ഈ പാഠത്തിൽ ഞാൻ ഉറപ്പിക്കുവാൻ ആഗ്രഹിക്കുന്നതു നമ്മുടെ പ്രശ്നങ്ങൾ അതു എന്തുതന്നെ ആയാലും ഉത്തരം *യേശു* ആകുന്നു.

പുതിയ നിയമം മുഴുവനും ഈ സത്യം പ്രഖ്യാപിക്കുന്നു. പക്ഷേ നമ്മുടെ പ്രയോജനത്തിനു നമുക്കു യേശുവിന്റെ ജീവിതത്തിലെ ഒരു നിസ്സാര സംഭവത്തിലേയ്ക്കു പോകാം. അതു മർക്കൊസ് 2:1-12 വരെയുള്ള ഭാഗത്താണ്.

### നാലു സ്നേഹിതന്മാരും രോഗിയായ ഒരു മനുഷ്യനും (മർക്കൊസ് 2:1-4)

വേദഭാഗം ആരംഭിക്കുന്നു, "ചില ദിവസം കഴിഞ്ഞശേഷം അവൻ കഫർന്നഹൂമിൽ ചെന്നു ..." (വാക്യം 1). ഗലീലയിലെ യേശുവിന്റെ പ്രവർത്തന കേന്ദ്രമായി മാറിയിരുന്നു കഫർന്നഹൂം. അവൻ മുമ്പ് ഈ പ്രദേശം സന്ദർശിച്ചതായി ഒന്നാം അദ്ധ്യായത്തിൽ പറയുന്നുണ്ട് (1:21 മുതൽ). ആ സമയത്തു അശുദ്ധാത്മാവു ബാധിച്ചിരുന്ന ഒരു മനുഷ്യനെ അവൻ സൗഖ്യമാക്കി (1:23-27) പത്രൊസിന്റെ അമ്മായിഅമ്മയേയും സൗഖ്യമാക്കി (1:29-31). അത്ഭുതകരമായ സൗഖ്യശുശ്രൂഷയോടെയാ ണ് ആ ദിവസാവസാനത്തെ മനോഹരമായ സൂര്യാസ്തമനം നടന്ന ത് (1:32-34). ഇപ്പോൾ യേശു കഫർന്നഹൂമിൽ തിരിച്ചുവന്നിരിക്കുന്നു.

തന്റെ തിരക്കുള്ള ഗലീലിയൻ സന്ദർശനത്തിൽ നിന്നു മോചിതനായി ശാന്തമായിരിക്കാനായിരിക്കാം ഒരുപക്ഷേ അവൻ

തീരുമാനിച്ചത് (1:35, 45), "എന്നാൽ കേട്ടതു അവൻ വീട്ടിലായിരുന്നു" എന്നാണ് (വാക്യം 1). കെ.ജെ.വിയിൽ "യേശു വീട്ടിൽ വന്നു എന്നു കേട്ടു" (വാക്യം 1).[1] "യേശു മടങ്ങിവന്നു" എന്ന വാർത്ത വ്യക്തികളിൽ നിന്നു വ്യക്തികളിലേയ്ക്കു കൈമാറിക്കൊണ്ടിരുന്നു.

"ഉടനെ വാതിൽക്കൽ പോലും ഇടമില്ലാതവണ്ണം, പലരും വന്നു കൂടി" (വാക്യം 2). അക്കാലത്ത് അതിഥി സല്ക്കാരം ജീവിതത്തിന്റെ ഭാഗമായി മാറിയിരുന്നു. പകൽ സമയത്തു സാധാരണ വാതിലുകൾ തുറന്നു തന്നെ കിടക്കും. ആളുകളുടെ താല്പര്യം അനുസരിച്ചു വരികയും പോകുകയും ചെയ്യാം. പെട്ടെന്നു യേശു പാർത്തിരുന്ന വീടു നിറഞ്ഞു. കൂട്ടം നിറഞ്ഞു വാതില്ക്കലോളം എത്തി.

2-ാം വാക്യത്തിന്റെ അവസാന ഭാഗം ശ്രദ്ധിക്കുക: "അവൻ അവരോടു തിരുവചനം പ്രസ്താവിച്ചു." യേശു വന്നതു കാണാതെ പോയവരെ തിരഞ്ഞു രക്ഷിപ്പാനാണ് (ലൂക്കൊസ് 19:10). ഇതായിരുന്നു തന്റെ പരിഗണനയിലുണ്ടായിരുന്നത്, തന്റെ കാര്യപരി പാടിയിലെ ആദ്യത്തെ ഇനം. അങ്ങനെ, അവൻ ലഭിച്ച അവസരം വചനം പ്രസംഗിക്കുവാൻ ഉപയോഗിച്ചു.

നാലു സ്നേഹിതന്മാരുടെ കഥയുടെ രംഗത്തിനു വേദിയാകുന്നതു ഇതാണ്: "അപ്പോൾ,[2] നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്നു, അവന്റെ അടുക്കൽ കൊണ്ടു വന്നു" (വാക്യം 3). നമുക്കു ആ ചിത്രം ഒന്നു നോക്കാം. ഈ നാലു പേർക്കും ഒരു "പക്ഷവാതക്കാരനായ" ഒരു സ്നേഹിതൻ ഉണ്ടായിരുന്നു. പക്ഷവാതം വന്നു; സ്വയമായി നടക്കാൻ കഴിഞ്ഞിരുന്നില്ല - എന്നാൽ അതുപോലും കഥ മുഴുവൻ പറയുന്നില്ല. അധികാരികൾ പറഞ്ഞതു അവനു അപസ്മാരം പോലെയുള്ള പക്ഷവാതമാണെന്നാണ്.

> പേശികളുടെ നിയന്ത്രണം നഷ്ടമായി. എന്നാൽ പെട്ടെന്നു രോഗം മൂർച്ഛിച്ചു വേദന കൂടി; വേദനകൊണ്ടു കിടന്നു നിസ്സഹായമായി പിടയും; ഈ ആക്രമണം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു, ആശ്വാസം മരണം കൊണ്ടു മാത്രമായിരുന്നു.[3]

ശാരീരികമായി ആ മനുഷ്യൻ ഭയങ്കരമായഅസ്വസ്ഥത യിലായിരുന്നു!

യേശു മുൻപു കഫർന്നഹൂമിലായിരുന്നപ്പോൾ അവനെ എന്തുകൊണ്ടു യേശുവിന്റെ അടുക്കൽ കൊണ്ടുവന്നില്ല എന്നു നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷേ ആ മനുഷ്യൻ പട്ടണത്തിൽ, ഉണ്ടാ യിരുന്നിരിക്കയില്ല; ഒരുപക്ഷേ സ്നേഹിതന്മാർ പട്ടണത്തിൽ ഉണ്ടാ യിരിക്കയില്ല. അതുമല്ലെങ്കിൽ ദീർഘനാൾ കാത്തിരുന്നിട്ട് അവസാനം കൊണ്ടു പോകാം എന്നു വിചാരിച്ചിരിക്കാം. എങ്ങനെയായാലും, നാലു സ്നേഹിതന്മാർ ഈ സന്ദർഭം ഒഴിവാക്കാൻ തയ്യാറായില്ല; അവർ ഉടനെ അവനെ യേശുവിന്റെ അടുക്കൽ - കൊണ്ടു വന്നു. അവർ അവനെ

കിടക്കയോടു കൂടെയാണ് ചുമന്നു കൊണ്ടു വന്നത്, പായപോലെ തറയിൽ സാധാരണ പരന്നു കിടക്കുന്ന കനം കുറഞ്ഞ ഒന്നായിരുന്നു അത് (ഒരുപക്ഷേ ഓരോ മൂലയിൽ ഓരോ സ്നേഹിതന്മാർ പിടിച്ചിരിക്കാം).

ഇവിടെ നാലു സ്നേഹിതന്മാർ യേശുവാണ് ഉത്തരം - എന്നു തിരിച്ചറിഞ്ഞിരുന്നു. വാസ്തവത്തിൽ അതുമാത്രമാണ് അവരുടെ സ്നേഹിതന്റെ പ്രശ്നത്തിനും - ഏക ഉത്തരം. 5-ാംവാക്യത്തിൽ അവരുടെ വിശ്വാസത്തെ പറ്റി പറയുന്നു. അവർക്കു ഏതു തരം വിശ്വാസമാണ് യേശുവിൽ ഉണ്ടായിരുന്നത്?

### സഹായിക്കുവാൻ യേശുവിന്റെ ശക്തി

തങ്ങളെ സഹായിക്കുവാനുളള *ശക്തി* യേശുവിനുണ്ടെന്നു ആദ്യമായി ഈ നാലു സ്നേഹിതന്മാർ വിശ്വസിച്ചിരുന്നു.[4] ആശക്തി അവൻ കഴിഞ്ഞ പ്രാവശ്യം കഫർന്നഹൂമിലുണ്ടായിരുന്നപ്പോൾ അവൻ പ്രദർശിപ്പിച്ചിരുന്നു. *വലിയ* ഗലീലി സന്ദർശന വേളയിലായിരുന്നു. അത് പൂർത്തിയാക്കിയിട്ടാണ് വീണ്ടും വന്നിരിക്കുന്നത്.

നമുക്കു തിരിച്ചറിയാൻ ഇതു പ്രധാനപ്പെട്ടതാണ്. നമുക്കെല്ലാവർക്കും പ്രശ്നങ്ങളുണ്ട്. ചിലപ്പോൾ നാം വിചാരിക്കും നമ്മുടെ പ്രശ്നങ്ങൾ പ്രത്യേകതയുളളതാണെന്നും, അവ മുൻപെങ്ങും ആർക്കും ഉണ്ടാകാത്തതാണെന്നും കരുതും. ആർക്കും ഈ പ്രശ്നത്തിൽ, നമ്മെ സഹായിക്കാൻ സാധ്യമല്ല എന്നും പരിഹാരമില്ല എന്നും നാം ചിന്തിച്ചേക്കാം "എന്നാൽ ദൈവത്തിനു അസാധ്യമായി ഒന്നുമില്ല" എന്നതു മുഖ്യമായി നാം തിരിച്ചറിയണം (ലൂക്കോസ് 1:37)!

### സഹായിക്കുവാനുളള യേശുവിന്റെ ആഗ്രഹം

ഈ മനുഷ്യരുടെ വിശ്വാസം, എങ്ങനെയായാലും, അതിനേക്കാൾ കൂടുതലായി യേശുവിന്റെ ശക്തി വലയം ചെയ്യപ്പെട്ടിരുന്നു. യേശുവിനു ആ ശക്തി ഉപയോഗിക്കുവാൻ *മനസ്സുണ്ട്* എന്നും അവർക്കു *വിശ്വാസമുണ്ടായിരുന്നു* - കാരണം അവൻ കരുതുന്നു. യേശുവിന്റെ ആദ്യത്തെ കഫർന്നഹൂം സന്ദർശനത്തിൽ, അവൻ തന്റെ കരുതൽ പ്രദർശിപ്പിച്ചിരുന്നതു അവർ വിശ്വസിക്കുവാൻ പല കാരണങ്ങളും ഉണ്ടായിരുന്നു. എന്നാൽ അടുത്തയിടെ നടന്ന ഗലീലാ സന്ദർശനത്തിലെ ഒരു സംഭവം അവന്റെ മനസ്സലിവ് ചിത്രീകരിക്കുന്നു.

ഈ സന്ദർശന വിവരണത്തിൽ ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നതു വിശദീകരിച്ചിട്ടുണ്ട്. ഒരു "കുഷ്ഠരോഗി, അവന്റെ അടുക്കൽ, വന്നു മുട്ടുകുത്തി, 'നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കാൻ കഴിയും എന്നപേക്ഷിച്ചു'" (മർക്കൊസ് 1:40).

യേശുവിന്റെ പ്രതികരണത്തെ ഉപയോഗിക്കുവാൻ പ്രയോഗിച്ചിരിക്കുന്ന ശൈലി എളുപ്പത്തിൽ വിട്ടുപോകാനിടയുണ്ട്. യേശു: "മനസ്സലിഞ്ഞു, കൈനീട്ടി, *അവനെ തൊട്ടു,* 'മനസ്സുണ്ട് ശുദ്ധമാക എന്നു പറഞ്ഞു'" (വാക്യം 41; എംഫസിസ്മൈൻ).

അനേക വർഷങ്ങൾക്കു മുൻപു, ബെൽ ടെലഫോൺ എന്ന കമ്പനി അവരുടെ പരസ്യത്തിനായി പോയി ''ആരെയെങ്കിലും സ്പർശിക്കുക".[5] എന്ന വിഷയം തിരഞ്ഞെടുത്തു ഈ പരസ്യത്തിൽ പറയുന്ന ''ആരെങ്കിലും'' സ്നേഹിതനോ – കവർച്ചക്കാരനോ, വഷളായവരോ, രോഗികളോ, അഴുക്കുളളവരോ ആയിരുന്നില്ല.[6] എങ്ങനെയായാലും യേശു കൈനീട്ടി *കുഷ്ഠരോഗിയെ* തോട്ടു.

അക്കാലത്ത്, "കുഷ്ഠം" എന്ന പദം ദുർബ്ബലമാക്കുന്നതും പകരുവാൻ ഉയർന്ന സാധ്യതയുള്ളതുമായ രോഗമായിട്ടാണ് ഗണിച്ചിരുന്നത്. കുഷ്ഠരോഗികൾ സമൂഹത്തിലെ മറ്റുളളവരിൽനിന്നു വേറിട്ടു ജീവിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഒരാൾ ഒരിക്കലും കുഷ്ഠരോഗിയെ *തൊട്ടിരുന്നില്ല.* പക്ഷേ, "യേശു അവനെ കൈനീട്ടിതൊട്ടു".

എന്തുകൊണ്ടാണ് യേശു അവനെ തൊട്ടത്? സൗഖ്യമാക്കുവാൻ അതാവശ്യമാണോ? എനിക്കതു സംശയമാണ്.[7] വേദനിക്കുന്ന ഒരാളെ തൊടുന്ന കാരണത്താൽ, തന്നെയാണ് കുഷ്ഠരോഗിയെ തൊട്ടത് എന്നു ഞാൻ കരുതുന്നു. നഷ്ടം സംഭവിച്ച ഒരാളുടെ തോളിൽ നാം കൈയ്യിടുന്നതും അതേ കാരണത്താലാണ്. ആ വാക്യം ഒന്നുകൂടെ നോക്കുക: "*യേശു, മനസ്സലിഞ്ഞു, കൈ നീട്ടി അവനെ തൊട്ടു*" (എംഫസിസ് മൈൻ).

*യേശുവിന്റെ* കരുതലിനെക്കുറിച്ചു ബോധ്യമില്ലായിരുന്നുവെങ്കിൽ ആ നാലു സ്നേഹിതന്മാർ അങ്ങനെ ചെയ്യുമായിരുന്നില്ല. ഈ സത്യം നാം തിരിച്ചറിയേണ്ടതുണ്ട്. യേശു ഉത്തരം മാത്രമല്ല; അവൻ നമ്മെ കരുതുകയും ചെയ്യുന്നു. അവൻ നമ്മെ സഹായിക്കുവാൻ *താല്പര്യപ്പെടുന്നു.*

ആ പുരുഷന്മാർ യേശുവിന്റെ അടുക്കൽ, തങ്ങളുടെ സ്നേഹിതനെ കൊണ്ടുവന്നപ്പോൾ, ഒരു തടസ്സം നേരിട്ടു. "പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ'' (വാക്യം 4).[8] ആളുകൾ നിറഞ്ഞു; വാതില്ക്കലോളം എത്തിയിരുന്നു എന്നതു ഓർമ്മിക്കുക (വാക്യം 2). ആ നാലു പേരിൽ ഒരാളായിരുന്നു, ഞാൻ എങ്കിൽ, ''നാം ഇത്ര പാടുപെട്ടു; ഇതുവരെ കൊണ്ടുവന്നു. ഇനി നമുക്കു വീട്ടിലേയ്ക്കു തിരികെ പോകാം'' അവസാനം, ഞാൻ ഒരു പക്ഷെ പറയും, ''അവനെ ഒരു മരത്തണലിൽ വച്ചു ജനക്കൂട്ടം കുറയുന്നതു വരെ കാത്തിരിക്കാമെന്നോ"[9] പറഞ്ഞേക്കാം. പക്ഷെ ആ നാലു പേരിൽ, എങ്കിലും, ആരും അങ്ങനെ പറഞ്ഞില്ല. യേശു മാത്രമാണ് അവരുടെ സ്നേഹിതന്റെ – പ്രശ്നത്തിന്റെ;ഏക ഉത്തരം –

എന്നവർക്കറിയാമായിരുന്നു, അങ്ങനെ അവർ മൂന്നു കാര്യങ്ങൾ ചെയ്തു:

(1) *പ്രയാസമുള്ളതു* അവർ ചെയ്തു:[10] അവരുടെ സ്നേഹിതനെ അവർ മേൽക്കൂരയിലേയ്ക്കു ചുമന്നു. ഞാൻ കുട്ടിയായിരുന്നപ്പോൾ, ബൈബിൾ ക്ലാസ്സിൽ ഉപയോഗിച്ചിരുന്ന പടമുള്ള ചെറിയ കാർഡ് വെളിയിൽ കോണിപ്പടിയുള്ള വീട്ടിൽ കൊടുത്തിട്ടുണ്ട്. ഒരു പക്ഷെ ഈ വീടിനും അതുപോലെയുള്ള കോണിപ്പടി ഉണ്ടായിരുന്നേക്കാം. എങ്കിൽ പോലും, ഒരു പക്ഷവാത രോഗിയെ കിടക്കയോടെ കോണിപ്പടി കയറി[11] കൊണ്ടു പോകുക എന്നതു എളുപ്പമുള്ള കാര്യമല്ല, ആ വീടിനു കോണിപ്പടി ഉള്ളതായി വിശ്വസിക്കാനും പ്രയാസം. ആ പ്രദേശങ്ങളിൽ അക്കാലത്തു വീടുകൾ പണിതിരുന്നതു ഒന്നോടൊന്നു ചേർന്നായിരുന്നു. പുറമേ നിന്നുള്ള കോണിപ്പടി ഉണ്ടെങ്കിൽ പോലും, അതു കാഴ്ചയ്ക്കപ്പുറമായിരുന്നു, എങ്കിൽ തന്നെ രണ്ടു നിരയ്ക്കപ്പുറമായിരിക്കും. ആ നാലു പുരുഷന്മാർ രണ്ടു നിരയ്ക്കപ്പുറമുള്ള മേൽക്കൂരയിലേക്കു കയർ കെട്ടി ഒടിയാനിടയുള്ള പഴയ കോണിയിലൂടെ, തങ്ങളുടെ സ്നേഹിതനെ വലിച്ചു കയറ്റിയിരിക്കാം എന്നാണ് ഞാൻ ഊഹിക്കുന്നത്. തങ്ങളുടെ സ്നേഹിതനെ മേൽക്കൂരയിലെത്തിക്കാൻ അവർക്കെന്തെല്ലാം ചെയ്യാമായിരുന്നോ അതെല്ലാം ചെയ്തു. പ്രയാസമുള്ളതു അവർ ചെയ്തു.

(2) *അപ്രതീക്ഷിതമായതു* അവർ ചെയ്തു: ''അവർ മേൽക്കൂര പൊളിച്ചു തുറന്നു'' (4-ാംവാക്യം). അക്ഷരികമായി, ''അവർ മേൽക്കൂരയുണ്ടായിരുന്നതു നീക്കം ചെയ്തു" അക്കാലത്തു, അധികം മേൽക്കൂരകളും പണിഞ്ഞിരുന്നതു ചുമരിന്മേൽ തടികൾ വിലങ്ങനെ വെച്ചുകൊണ്ടാണ്. ശിഖരങ്ങളും കാടുകളും തട്ടിന്മേൽ ഇടും. ഈ കാടിന്മേൽ മണ്ണും വൈക്കോലും പാകി നിരത്തും, എന്നിട്ട് സൂര്യപ്രകാശമേറ്റ് ഉണങ്ങും. ഈ നാലു പുരുഷന്മാർ ഈ മേൽക്കൂര "പൊളിച്ചു തുറന്നു" (വാക്യം 4).[12]

(3) *വിലപിടിപ്പുള്ളതു* അവർ ചെയ്തു. ഒരു നിമിഷത്തേയ്ക്കു, നിങ്ങളാണ് ഈ വീടിന്റെ ഉടമസ്ഥൻ എന്നു വിചാരിക്കുക. നിങ്ങൾ ശ്രദ്ധയോടെ യേശുവിന്റെ പ്രസംഗം കേട്ടുകൊണ്ടിരിക്കയാണ്. പെട്ടെന്നു, നിങ്ങൾ വീടിന്റെ മുകളിൽ നിന്നു ഒരു ശബ്ദം കേൾക്കുന്നു. കട്ടയും പൊടിയും കുറ്റിയുടെ കഷണങ്ങളും വീഴാൻ തുടങ്ങി. നിങ്ങൾ മുകളിലേയ്ക്കു നോക്കുമ്പോൾ കാണുന്നതു നിങ്ങളുടെ വീടിന്റെ മേല്ക്കൂര ഭാഗം ഭാഗമായി വീഴുന്നതാണ്. നിങ്ങൾ എന്തു വിചാരിക്കും? ഒരു പക്ഷേ, ഒരു വിചാരം ഇങ്ങനെയാകാം ''ആരാണ് ഇതു ശരിയാക്കുക?''[13] അതിനുള്ള ഉത്തരം ''ആ നാലു പുരുഷന്മാർ'' എന്നതാണ്. ഒന്നുകിൽ അവർ അതു ചെയ്യണം. അല്ലെങ്കിൽ

മറ്റാരെയെങ്കിലും കൊണ്ടു ശരിയാക്കി കൊടുക്കണം. അവർ ചെയ്തതു വിലയുള്ള ഒന്നാണ്! എങ്ങനെയായാലും, അവർ അതു കാര്യമാക്കിയില്ല, അവരുടെ സ്നേഹിതനെ യേശുവിന്റെ അടുക്കൽ എത്തിക്കുക എന്നതു മാത്രമാണ് അവരുടെ ലക്ഷ്യം.

കുട്ടികളുടെ ക്ലാസ്സിൽ ഈ കഥ പൊതുവായി, പ്രായോഗികമായി പഠിപ്പിക്കുന്നതു ചങ്ങാത്തം എന്നതായിട്ടാണ്. എത്ര മഹനീയമായ സ്നേഹിതന്മാരാണിവർ – എന്തു നല്ല മാതൃകയാണ് നമുക്കു കിട്ടുന്നത്. കർത്താവിനെ ആവശ്യമുള്ളവരെ നമുക്ക് അറിയാം. ഒരു പക്ഷെ അവർ വേദനപ്പെട്ടിരിക്കാം. അതല്ലെങ്കിൽ അവരുടെ ജീവിതം കുഴപ്പം പിടിച്ചതാകും. അവർക്കു രക്ഷ വേണമെന്നു പോലും തിരിച്ചറിയാത്തവരാണ് അവർ. അവരെ യേശുവിന്റെ അടുക്കൽ എത്തിക്കാൻ നാം ഏതു തരം പരിശ്രമമാണ് നടത്തുന്നത്? ഒരിക്കൽ അവരെ നിങ്ങൾ ക്ഷണിച്ചു കാണും പക്ഷെ അവർ, ''വന്നില്ല,'' അതുകൊണ്ട്, "പിന്നെ, വിളിക്കേണ്ട" ആവശ്യമില്ല, എന്നു കരുതാൻ സാദ്ധ്യതയില്ലേ? "ആൾക്കൂട്ടം എല്ലാം പിരിഞ്ഞു പോകുന്നതു വരെ," കാത്തിരിക്കാം എന്നു ചിന്തിക്കാൻ സാദ്ധ്യതയില്ലേ? കുറച്ചു കൂടെ സൗകര്യം കിട്ടട്ടെ എന്നു ചിന്തിക്കാറില്ലേ?

നമുക്കതിനെ നേരിടാം: ക്രിസ്തുവിലേയ്ക്കു ആളുകളെ കൊണ്ടു വരുന്നതു പ്രയാസമുള്ള കാര്യമായിട്ട് വളരെ പേർ കരുതുന്നുണ്ട്. "ജനക്കൂട്ടം" ആണ് വഴിയിൽ നമ്മുടെ സ്നേഹിതന്മാരുടെ തിരക്ക്, നമ്മുടെ തിരക്ക്, അവരുടെ വിരസത, നമ്മുടെ അലക്ഷ്യം എല്ലാം മാർഗ്ഗമദ്ധ്യേയുണ്ട്. നമ്മുടെ എല്ലാവരുടേയും ഹൃദയങ്ങളിൽ യേശു ക്രിസ്തുവാണ് നാം സ്നേഹിക്കുന്നവരുടെ പ്രശ്നങ്ങൾക്കു – ഏക ഉത്തരം – എന്നു ബോധ്യമുണ്ടെങ്കിൽ അവരെ യേശുവിന്റെ അടുക്കൽ എത്തിക്കുന്നതുവരെ നാം വിശ്രമിക്കുകയില്ല! പ്രയാസമുള്ളതെന്തും, വിലയുള്ളതെന്തും, ചെയ്യാൻ നാം തയ്യാറാകും![14]

### യേശുവും രോഗിയായ മനുഷ്യനും (മർക്കൊസ് 2:5-12)

ഇനി നമുക്കു സംഭവത്തിന്റെ അവസാന ഭാഗമായ – യേശുവും രോഗിയായ – മനുഷ്യനും എന്നതിലേയ്ക്കു തിരിയാം. അപ്പോൾ യേശുവാണ് *എല്ലാ* പ്രശ്നത്തിനും പരിഹാരമെന്നു കാണാം. ഇപ്പോൾ ശ്രദ്ധ നാലു പുരുഷന്മാരിൽ നിന്നു യേശുവിലേയ്ക്കു മാറുന്നു.

> ... അവൻ ഇരുന്ന സ്ഥലത്തിന്റെ മേല്പുര പൊളിച്ചു തുറന്നു; പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി വച്ചു, യേശു അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോടു, "മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു" (വാക്യം 4, 5).

മുറിയിലേയ്ക്കു തിങ്ങി നിൽക്കുന്ന ജനക്കൂട്ടത്തിനു മുൻപിൽ നിൽക്കുന്ന യേശുവിനെ ഒന്നു സങ്കല്പിക്കുക അവൻ ദൈവിക കാര്യങ്ങളെ താല്പര്യത്തോടെ സംസാരിക്കുകയായിരുന്നു. പെട്ടെന്നു, തനിക്കു ചുറ്റും മണ്ണും, പൊടിയും, മറ്റവശിഷ്ടങ്ങളും വീഴാൻ തുടങ്ങി. അവൻ മുകളിലേയ്ക്കു നോക്കിയപ്പോൾ മേല്പൂരയുടെ നിര വിട്ടുവരുന്നതായി കണ്ടു. വലിയൊരു ദ്വാരം പ്രത്യക്ഷമാകുന്നു ആ തുറന്ന ഭാഗത്തിലൂടെ നാലു മുഖങ്ങൾ താഴേയ്ക്കു തന്നെ ഉറ്റു നോക്കുന്നതു കണ്ടു. എട്ടു കൈകൾ ആ ദ്വാരത്തിന്റെ വക്കിൽ ഉരഞ്ഞു മുറിഞ്ഞിട്ടുണ്ട്. അവസാനം, മതിയായ വലുപ്പത്തിലായി ആ ദ്വാരം. പിന്നെ ശ്രദ്ധയോടെ, അവർ, സ്നേഹിതനെ തറയിൽ യേശുവിന്റെ മുൻപിൽ കിടക്കത്തക്കവണ്ണം ഇറക്കി വച്ചു. യേശുവിന്റെ പ്രതികരണം എന്തായിരുന്നു? നിങ്ങളുടെയും എന്റെയും പ്രതികരണം - എന്തായിരിക്കും?

ഒരു ഇടവക ഞായറാഴ്ച രാവിലെ കൂടി വന്നു, ഉപദേഷ്ടാവു മനോഹരമായ അവതരണം ദൈവവചനത്തിൽ നിന്നു നൽകുന്ന ചിത്രം മനസ്സിൽ കാണുക. പെട്ടെന്ന്, ആളുകൾ മേല്പുരയിൽ ഉളിയും ചുറ്റികയും ഉപയോഗിക്കുന്ന ശബ്ദം കേൾക്കുന്നു എന്നു വിചാരിക്കുക. ഈർച്ചവാൾ ശക്തിയായി ചലിക്കുന്ന ശബ്ദവും ഉയരുന്നു, കുത പോലെ വെട്ടി ദ്വാരം ഉണ്ടായ മേല്പുര തുറക്കുന്നു[15]. മേൽപ്പുരയുടെ, നല്ലൊരു ഭാഗം ഊർന്നു വീഴുന്നു. വലിയൊരു ശബ്ദത്തോടെ, നിലം പതിക്കുന്നതു അവർ കണ്ടപ്പോൾ, നാലാൾ, വ്യായാമം ചെയ്യുന്ന പായിൽ[16] കിടക്കുന്ന ഒരാളെ നാലു മൂലയിലും കയർ കെട്ടി, പ്ലാറ്റ് ഫോമിന്റെ മുൻപിൽ ഇറക്കുന്നു എന്നു കരുതുക. അവരുടെ പ്രതികരണം എന്തായിരിക്കും? ''നിങ്ങൾ! എന്താണീ കാണിക്കുന്നത് എല്ലാവരും വരുന്നതു പോലെ മുൻവാതിലിൽ കൂടെ കൊണ്ടു വന്നുകൂടെ എന്നായിരിക്കാം?'' പ്രാഥമികമായ ഈ അന്യായത്തോടുള്ള പ്രതികരണം: "ഞങ്ങളുടെ കെട്ടിടം പൊളിക്കാൻ നിങ്ങൾക്കെങ്ങനെ ധൈര്യം വന്നു എന്നായിരിക്കാം! അതുമല്ലെങ്കിൽ ഞങ്ങളുടെ ശുശ്രൂഷയ്ക്കു തടസ്സം വരുത്തിയതെന്തു! നിങ്ങൾക്ക് അറിഞ്ഞു കൂടെ ഇവിടെ പ്രധാനപ്പെട്ട കാര്യങ്ങൾ നടക്കുകയാണെന്നു?"

യേശുവിനും ഇങ്ങനെ പ്രതികരിക്കാമായിരുന്നു: ''ഇതെന്തു ക്രൂരമാണ്! എന്റെ പ്രസംഗത്തെ നിങ്ങൾ തടസ്സപ്പെടുത്തുന്നതെന്ത്! മാത്രമല്ല, എന്നെ അതിഥിയായി വിളിച്ചു സൽക്കരിക്കുന്ന ആളുകളെയും നിങ്ങൾ വെറുപ്പിക്കുകയല്ലേ, അവരുടെ ഔദാര്യം കൊണ്ടല്ലേ കൂടിവരാൻ അവരുടെ വീട് അനുവദിച്ചത്!" എന്നാൽ, യേശു, അങ്ങനെ ഒന്നും പ്രതികരിച്ചില്ല. തടസ്സങ്ങൾ ഉണ്ടാക്കിയാലും അതു ഗണ്യമാക്കാത്ത കർത്താവു നമുക്കുണ്ടെന്ന തിരിച്ചറിവു എത്ര

വിസ്മയമാണ്! അവൻ സുപ്രധാനമായ – പല കാര്യങ്ങളിലും തിരക്കുള്ളവനാണ് ''അവൻ തന്റെ ശക്തിയുള്ള വചനത്താൽ സകലത്തേയും വഹിക്കുന്നു" (എബ്രായർ 1:3) – നമ്മുടെ മാനുഷിക ദൗർബ്ബല്ല്യത്തോടെ തന്നെ യേശുവിന്റെ അടുത്തു ചെല്ലാം, അവൻ നമ്മെ ശ്രദ്ധിക്കുക തന്നെ ചെയ്യും.

യേശു എങ്ങനെ*യാണ്* പ്രതികരിച്ചത്? അവൻ മനുഷ്യന്റെ കാലിൽ നോക്കി. അവന്റെ ശരീരത്തിലെ രോഗം മാത്രമല്ല അവൻ കണ്ടത്; ആ ഹൃദയത്തിലെ നിരാശയും അവൻ കണ്ടു. കഴിഞ്ഞ കാല ജീവിതത്തിൽ, അവൻ ചെയ്ത പാപത്തിന്റെ കുറ്റാരോപണം അവന്റെ ആത്മാവിനെ തിന്നുകൊണ്ടിരുന്നു എന്നുതോന്നുന്നു. യേശു അതുകൊണ്ടു, പക്ഷവാതരോഗിയോടു, "മകനേ, നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു.'' മൂലഗ്രന്ഥത്തിൽ, തർജ്ജിമ ചെയ്തിരിക്കുന്നതു ''മകൻ''[17] എന്നതു ''കുഞ്ഞുമകനേ'' എന്ന അർത്ഥത്തിലാണ്. അടുത്ത, ബന്ധം കാണിക്കുന്നതിനുള്ള പ്രയോഗമാണ്, അതുപോലെ, "മോചിച്ചു തന്നിരിക്കുന്നു" എന്നതിനു ആദ്യം ഊന്നൽ കൊടുത്തിരിക്കുന്നു.[18] ''കുഞ്ഞുമകനെ, *മോചിച്ചു തന്നിരിക്കുന്നു* നിന്റെ പാപങ്ങൾ", എന്നുമാണ്.

## പാപപ്രശ്നത്തിനുള്ള ഏറ്റവും ഉൽകൃഷ്ടമായ ഉത്തരം യേശുവാകുന്നു!

ഈ പക്ഷവാതരോഗിയുടെ ശാരീരിക വൈകല്യം അവന്റെ ആത്മികപ്രശ്നത്തിന്റെ നേരിട്ടുള്ള ഫലമാണെന്നു ഈ വാക്യം പഠിപ്പിക്കുന്നില്ല.[19] ഒരാളുടെ വ്യക്തിപരമായ പാപവും ഭൗതികപ്രശ്ന വും തമ്മിൽ എപ്പോഴും ബന്ധപ്പെടണമെന്നില്ല എന്ന ഊന്നൽ യേശു യോഹന്നാൻ 9-ാം അദ്ധ്യായത്തിൽ നല്കുന്നു (വാക്യം 2 മുതൽ). മറിച്ചു, *യേശുവിന്റെ ആദ്യത്തെ കരുതൽ ഭൗതിക പ്രശ്നമല്ല, ആത്മിക പ്രശ്നമാണ്.* സുപ്രധാന പ്രശ്നമാണ് യേശു ആദ്യം കൈകാര്യം ചെയ്യുന്നതു.

### പാപമെന്ന പ്രശ്നത്തിനുള്ള ഉത്തരം

എല്ലാ പ്രശ്നങ്ങൾക്കും യേശുവാണ് ഉത്തരം എന്നു പറയുമ്പോൾ, പാപപ്രശ്നത്തിനുള്ള ഇദംപ്രഥമവും ഉൽകൃഷ്ടവുമായ ഉത്തരം യേശു എന്നു മനസ്സിലാക്കണം! നുറുങ്ങിയ ശരീരങ്ങളെ ... സൗഖ്യമാക്കുക എന്നതായിരുന്നില്ല യേശുവിന്റെ വരവിന്റെ പ്രാഥമിക ഉദ്ദേശം അല്ലെങ്കിൽ നമ്മുടെ പ്രശ്നങ്ങളെ പരിഹരിക്കുവാനായി മനശാസ്ത്രമോ തത്വശാസ്ത്രമോ ജീവിതത്തിൽ കൊണ്ടുവരിക എന്നതുമായിരുന്നില്ല. അതു ചെയ്യുവാൻ വലിയൊരു ഉപദേഷ്ടാവിനെ ദൈവത്തിനു വേണമെങ്കിൽ അയക്കാമായിരുന്നു. സ്വർഗ്ഗത്തിലെ

പ്രകാശമേറിയ ആഭരണം; അവൻ കവർന്നെടുക്കേണ്ടിയിരുന്നില്ല. തന്റെ ഏകമകനെ ക്രൂശിൽ മരിക്കാൻ അനുവദിക്കണമായിരുന്നില്ല! എന്നാൽ, യേശു വന്നു പാപമെന്ന പ്രശ്നം – കൈകാര്യം ചെയ്യുന്നു. അവനു മാത്രമേ അതു ചെയ്യാൻ കഴിഞ്ഞുള്ളൂ. അവൻ ഊന്നി പറഞ്ഞു, "കാണാതെ പോയ ആളുകളെ തിരഞ്ഞു രക്ഷിപ്പാനത്രെ മനുഷ്യപുത്രൻ വന്നത്" (ലൂക്കോസ് 19:10).

ഈ സമയത്തു, നിങ്ങൾക്കുള്ളിൽ വേദന അനുഭവപ്പെട്ടിരിക്കാം. മുറിപ്പെട്ടേക്കാം ആശ്വാസത്തിനു വേണ്ടി മനസ്സും ശരീരവും നിലവിളിച്ചേക്കാം. ആ ആശ്വാസം നിങ്ങൾ കണ്ടെത്തണമെങ്കിൽ, നിങ്ങളോടു തന്നെ *ആദ്യം* ചോദിക്കണം, "എന്താണ് എന്റെ *ആത്മീയ* അവസ്ഥ? ദൈവവുമായി എനിക്കുള്ള ബന്ധമെന്താണ്?"

മുൻഗണനകൾ തലതിരിഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നതു. ഉദാഹരണമായി, ചെടികളെ കുറിച്ചും പാരിസ്ഥിതികമായ വിജ്ഞാനത്തെക്കുറിച്ചും വളരെ പറഞ്ഞു കേൾക്കുന്നുണ്ട്. നാം ലോകത്തെ സംരക്ഷിക്കണം എന്നതിനോടു ഞാൻ യോജിക്കുന്നുണ്ട്. ദൈവം ഭൂമിയിൽ വേല ചെയ്യുവാനും, അതിനെ കാപ്പാനും, നല്ല കാര്യവിചാരകന്മാരായും നമ്മെ ആക്കിയിരിക്കുന്നു. (ഉല്പത്തി 1:28; 2:15). വാദത്തിനായി ചില ആളുകൾ പറഞ്ഞു കേട്ടിട്ടുള്ളതു, ഇവിടെ, "മനുഷ്യർക്കു, ഈ ഒരു വീടു മാത്രമല്ലേ ഉള്ളു എന്നാണ്!" അവരെക്കുറിച്ച് എനിക്കറിഞ്ഞു കൂടാ, പക്ഷേ *എനിക്കി*തിലും നല്ലൊരു ഭവനമുണ്ട് (യോഹന്നാൻ 14:1–3)! ശേഷം, ജലമലിനീകരണം – വായുമലിനീകരണം എന്നതിനെ കുറിച്ചു സിനിമ, ടി.വി അഭിനേതാക്കൾ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്, അതേ സമയം അവർ നമ്മുടെ യുവാക്കളുടെ മനസ്സുകളും ആത്മാക്കളും മലിനീകരിക്കയാണ്![20] നാം ആരും ഈ ഗൃഹത്തിൽ മലിനീകരണം ഉണ്ടാക്കുന്നില്ല എന്നു കരുതുന്നു, എന്നാൽ ഈ ഭൂമി ഒരിക്കലും സ്ഥിരവാസത്തിനു വേണ്ടി രൂപപ്പെടുത്തിയതല്ല (2 പത്രൊസ് 3:10–13). അനശ്വരമായ ആത്മാക്കളെ നശിപ്പിക്കുന്നതിന്റെ അനന്തര ഫലമാണ് ഏറ്റവും വലുത്!

തിരുവെഴുത്തിൽ എന്തെങ്കിലും വ്യക്തമായി പഠിപ്പിക്കുന്നുണ്ടെങ്കിൽ, അതു ഭൗതികത്തെക്കാൾ ആത്മികമാണ് അനന്തവും പ്രാധാന്യവുമുള്ളതു എന്നാണ്. മർക്കൊസ് 2–ാം അദ്ധ്യായത്തിൽ യേശു ആ മനുഷ്യന്റെ ശാരീരിക പ്രശ്നത്തേക്കാൾ ആത്മിക പ്രശ്നത്തെയാണ് കരുതിയത്. നിങ്ങൾ വേദനിക്കുന്നു എങ്കിൽ, പ്രശ്നം എന്തു തന്നെ ആയാലും, യേശു നിങ്ങളുടെ *ആത്മിക* പ്രശ്നം പരിഹരിക്കട്ടെ.

### ജീവിതത്തിന്റെ *ഏതു* പ്രശ്നത്തിനും ഉള്ള ഉത്തരം

ആ മനുഷ്യന്റെ പ്രാഥമിക പ്രശ്നം പരിഹരിച്ചശേഷം, തനിക്കു

മനുഷ്യന്റെ അടുത്ത പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നു യേശു കാണിച്ചു കൊടുത്തു.

അടുത്ത വാക്യം ശ്രദ്ധിച്ചാൽ യേശു സംസാരിക്കുമ്പോൾ അവിടെ വിമർശനം ഉണ്ടായിരുന്നു എന്നു കാണാം:[21] ''അവിടെ ചില ശാസ്ത്രിമാർ ഇരുന്നു ഇവൻ ദൈവദൂഷണം പറയുന്നു'' (വാക്യം 6). ''ശാസ്ത്രി'' എന്ന വാക്കിന്റെ അക്ഷരിക അർത്ഥം മോശെയുടെ ന്യായപ്രമാണം പകർത്തുവാൻ ഉത്തരവാദിത്വമുള്ളവർ എന്നാണ്.[22] ന്യായപ്രമാണ സുപരിചിതർ എന്നാണ് ശാസ്ത്രിമാരെ അറിയപ്പെടുന്നത്. യാഥാസ്ഥിതികത്വത്തെ മുറുകെ പിടിക്കുന്ന ഇവർ യേശുവിനെ പരീക്ഷിക്കുവാൻ വന്നിരിക്കയാണ്.[23] അവരുടെ അഭിപ്രായത്തെ ആളുകൾ ശ്രദ്ധിക്കും. അതു കൊണ്ടവർക്കു സ്ഥാനം മുൻനിരയിൽ തന്നെ.

അവർ ഹൃദയത്തിൽ നിരൂപണം നടത്തുകയായിരുന്നു, "ഇവൻ ഇങ്ങനെ ദൈവദൂഷണം പറയുന്നതെന്തു? ദൈവം ഒരുവനല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ എന്നു ഹൃദയത്തിൽ ചിന്തിച്ചു കൊണ്ടിരുന്നു?'' (വാക്യം 7). ഭാഗികമായി അവർ ശരിയായിരുന്നു! ഇന്നു ചില ആളുകൾ പറയുന്നതു യേശു നല്ല മനുഷ്യൻ ആയിരുന്നു, പക്ഷേ ദൈവം അല്ലായിരുന്നു എന്നാണ്. എങ്ങനെയായാലും, യേശു ദൈവമല്ലെങ്കിൽ, അവൻ പറഞ്ഞത് *ദൈവദൂഷണമാണ്.* അപ്പോൾ മരണയോഗ്യനുമാണ്.[24] ശാസ്ത്രി മാരുടെ വിചാരത്തിലുണ്ടായിരുന്ന യുക്തി, ഇതായാൽ, ചോദിക്കേ ണ്ടിയിരുന്ന ചോദ്യം, "യേശു ദൈവമാകാൻ സാധ്യതയുണ്ടോ?" ആ നടപടിയിലേയ്ക്കു നീങ്ങുവാൻ നിർഭാഗ്യവശാൽ അവരുടെ ദുരഭിമാനം അനുവദിച്ചില്ല.

"ഇങ്ങനെ അവർ ഉള്ളിൽ ചിന്തിക്കുന്നതു യേശു ഉടനെ മനസ്സിൽ ഗ്രഹിച്ചു, അവരോടു, 'നിങ്ങൾ ഹൃദയത്തിൽ, ഇങ്ങനെ ചിന്തിക്കുന്നതെന്ത്?' " (വാക്യം 8). യേശുവിനു അവരുടെ മനസ്സു വായിക്കുവാൻ കഴിയുമെന്നവർ അറിയണം![25] "പക്ഷവാതക്കാരനോടു, 'നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു'; എന്നു പറയുന്നതോ, 'എഴുന്നേറ്റു, കിടക്ക എടുത്തു നടക്ക എന്നുപറയുന്നതോ ഏതാകുന്നു എളുപ്പം എന്നു ചോദിച്ചു'?" (വാക്യം 9). "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറയുന്നതാണു എളുപ്പം, എന്നു തീർച്ചയായും, ഏതു വനവാസിയും പറയും!

യേശു തുടരുന്നു: "എന്നാൽ ഭൂമിയിൽ *പാപങ്ങളെ മോചിപ്പാൻ* മനുഷ്യപുത്രനു അധികാരമുണ്ട് എന്നു നിങ്ങൾ അറിയേണ്ടതിനു ..." (വാക്യം 10; എംഫസിസ് മൈൻ) "മനുഷ്യപുത്രൻ" എന്ന പദപ്രയോഗം ദാനിയേൽ മശിഹയെക്കുറിച്ചു[26] പരാമർശിക്കുമ്പോൾ ഉപയോഗി ച്ചിട്ടുണ്ട്.തന്റെ പ്രത്യേകത! യേശു പ്രഖ്യാപിക്കുകയായിരുന്നു. ഭൂമിയിൽ

പാപങ്ങളെ മോചിപ്പാൻ യേശുവിനു മാത്രമേ അധികാരമുള്ളൂ.[27] ദൈവശ്വാസിയ രേഖകൾ പ്രകാരം, അവൻ ആ അധികാരം മൂന്നുപ്രാവശ്യമേ ഉപയോഗിച്ചിട്ടുള്ളൂ.[28] തന്റെ അധികാരത്തെ സ്ഥാപിക്കുവാൻ, അവൻ പക്ഷവാതക്കാരനോടു, ''എഴുന്നേറ്റു കിടക്കഎടുത്തു വീട്ടിലേയ്ക്കുപോക എന്നു പറഞ്ഞു'' (വാക്യം 11).

മനുഷ്യന്റെ *രണ്ടാമത്തെ* പ്രശ്നവും പരിഹരിക്കാൻ കരുതലുള്ളവനെന്ന നിലയിൽ യേശു തന്റെ കഴിവു പ്രകടിപ്പിക്കയാണ്. അവന്റെ *പ്രാഥമിക* പ്രശ്നമായ, പാപത്തിന്റെ കുറ്റം നീക്കുവാൻ കരുതലോടെ കഴിയും എന്നു തെളിയിക്കുവാൻ രണ്ടാമത്തെ പ്രശ്നമായ, രോഗത്തെ പരിഹരിച്ചു കൊടുത്തു. റോമാലേഖനത്തിൽ, പൗലോസ് ഇതേ ചിന്ത നൽകുന്നുണ്ട്. പൗലോസ് വാദഗതി നടത്തുകയാണ്: ''സ്വന്ത പുത്രനെ, ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ [ദൈവം] അവനോടുകൂടെ സകലവും നൽകാതിരിക്കുമോ?'' (റോമർ 8:32). മറ്റൊരർത്ഥത്തിൽ, പറഞ്ഞാൽ കർത്താവിനു നമ്മുടെ പ്രാഥമിക പ്രശ്നമായ പാപപ്രശ്നം, പരിഹരിക്കാൻ കഴിയുമെങ്കിൽ, രണ്ടാമത്തേതായ നമ്മുടെ പ്രശ്നങ്ങളും അവനു പരിഹരിക്കാൻ കഴിയും.

''എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേയ്ക്കു പോക,'' എന്നു യേശു പറഞ്ഞ ശേഷം, ഉണ്ടായ ഉദ്വേഗം ഊഹിച്ചു നോക്കുക! എല്ലാ കണ്ണുകളും പക്ഷവാത രോഗിയിലേയ്ക്കു പെട്ടെന്നു തിരിഞ്ഞിരിക്കും. ആ മനുഷ്യൻ തുടർന്നും അവിടെ കിടക്കുകയാണെങ്കിൽ, എല്ലാവരും നെടുവീർപ്പിട്ടു നിരാശയോടെ, പറയും, ''ഞങ്ങൾ വിചാരിച്ചത് മശിഹ വന്നു എന്നാണ്, പക്ഷേ ഒരിക്കൽ കൂടെ ഞങ്ങൾക്കു തെറ്റി''. മറിച്ച്, ആ മനുഷ്യൻ എഴുന്നേറ്റു കിടക്ക എടുത്തു, ചുരുട്ടി കക്ഷത്തിൽ വെച്ചുനടന്നു, വാതിൽ കടന്നു പോയാൽ? എന്തു സാദ്ധ്യതയാണ്! യേശു അവർക്കു കൊടുത്തത് ജീവിതത്തിലെ ഏതു പ്രശ്നത്തിനും യേശു തന്നെയാണ് ഉത്തരം എന്നു തെളിയിച്ചു!

''ഉടനെ അവൻ എഴുന്നേറ്റു കിടക്ക എടുത്തു എല്ലാവരും കാൺകെ പുറപ്പെട്ടു അതുകൊണ്ട് എല്ലാവരും വിസ്മയിച്ചു ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി''[29] (വാക്യം 12)! പുതിയ നിയമത്തിലെ മറ്റു അത്ഭുതങ്ങൾ പോലെ ഇതും ഉടനെ, പൂർണ്ണം, എല്ലാവർക്കും ബോധ്യമാവുകയും ചെയ്തു (ഇന്നവകാശപ്പെടുന്ന അത്ഭുതങ്ങളെ പോലെയല്ല). സുവിശേഷ വിവരണങ്ങൾ എഴുതിയഎഴുത്തുകാർ കാഴ്ചക്കാരുടെ പ്രതികരണം വിവരിക്കാൻ അവർക്കു വാക്കുകൾ കിട്ടിയില്ല: മർക്കൊസ് പറഞ്ഞു, ''അതു കൊണ്ട് എല്ലാവരും വിസ്മയിച്ചു, 'ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞു, ദൈവത്തെ മഹത്വപ്പെടുത്തി' '' (വാക്യം 12) ''പുരുഷാരം ഇതു കണ്ടു ഭയപ്പെട്ടു, ഈ അധികാരം കൊടുത്ത ദൈവത്തെ മഹത്വ

പ്പെടുത്തി" എന്നാണ് മത്തായി പറഞ്ഞത് (മത്തായി 9:8). ലൂക്കോസ് വിവരിക്കുന്നതു ''എല്ലാവരും വിസ്മയം പൂണ്ടു ദൈവത്തെ മഹത്വപ്പെടുത്തി; ഭയം നിറഞ്ഞവരായി, 'ഇന്നു നാം അപൂർവ്വ കാര്യങ്ങളെ കണ്ടു എന്നു പറഞ്ഞു'" (ലൂക്കോസ് 5:26).[30]

ജീവിതത്തിലെ ഏതു പ്രശ്നത്തിനും ഉത്തരം യേശു ആയിരുന്നു – ആകുന്നു – എന്നു അവൻ തെളിയിച്ചു!

**ഉപസംഹാരം**

ഈ സമയത്തു, നിങ്ങൾ പോരാട്ടത്തിലായിരിക്കുന്നതു എന്തു പ്രശ്നം നിമിത്തം ആയാലും നിങ്ങളെ സഹായിക്കുവാൻ യേശുവിനു കഴിയും. ചിലതിൽ അവൻ പക്ഷവാത രോഗിയിൽ ചെയ്തതു പോലെ പ്രശ്നത്തെ നീക്കം ചെയ്യും, അന്നു ചെയ്തതു പോലെ – ഒരത്ഭുതം അവൻ ആ വിധത്തിൽ ഇന്നു പ്രവർത്തിക്കുന്നില്ല – എന്നാൽ അവൻ ദൈവാധീനമായി ഈ ലോകത്തിൽ പ്രവർത്തിക്കും.[31] മറ്റു സാഹചര്യത്തിൽ നേരിടുന്ന ഭാരം വഹിക്കുവാൻ ശക്തി പകരും, അതിന്മേൽ ജയിക്കുന്നതിനു ആവശ്യമുള്ളതു അവൻ ചെയ്യും.

നിങ്ങൾക്കു കർത്താവിന്റെ സഹായം ആവശ്യമെന്നുണ്ടെങ്കിൽ, ആദ്യമായി സത്യസന്ധമായി അവനുമായുള്ള ബന്ധം പരി ശോധിക്കുക. നിങ്ങളുടെ ആത്മീയ ആരോഗ്യത്തെ ആദ്യം ഉത്കൃ ഷ്ടമായി, കരുതുന്നതു യേശുവാണ്. നിങ്ങൾ ക്രിസ്ത്യാനി അല്ലെങ്കിൽ, നിങ്ങളുടെ പാപത്തിൽ നിന്നു മാനസാന്തരപ്പെടുക, യേശു വിലുള്ള വിശ്വാസം ഏറ്റു പറയുക, പാപമോചനത്തിനായി സ്നാനം ഏല്ക്കുക (വെള്ളത്തിൽ മുങ്ങൽ) (മർക്കൊസ് 16:16; പ്രവൃത്തി 2:38). നിങ്ങൾ ഒരു അവിശ്വസ്തനായ ദൈവമകൻ ആണെങ്കിൽ, നിങ്ങൾ കർത്താവിങ്കലേയ്ക്കും അവന്റെ സഭയിലേയ്ക്കും അനുതാപത്തോടെ പ്രാർത്ഥനയോടെ – തിരിച്ചു വരണം (പ്രവൃത്തി 8:22; യാക്കൊബ് 5:16).

ഒരിക്കൽ ദൈവവുമായി നിങ്ങളുടെ ബന്ധം പുനഃ സ്ഥാപിച്ചു കഴിഞ്ഞാൽ, മുൻപു ലഭിച്ചിട്ടില്ലാത്ത വിഭവങ്ങൾ നിങ്ങൾക്കു ലഭിക്കും. ആരോ നിങ്ങളെ കരുതുവാനായി ഉണ്ടാകും മുൻപുണ്ടാകാതിരുന്ന ശക്തി നിങ്ങൾക്കുണ്ടാകും: നിങ്ങളുടെ പ്രശ്നം പരിഹരിക്കാനുള്ള ജ്ഞാനം തരാമെന്നും ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട് (യാക്കൊബ് 1:5). സഭ എന്നു വിളിക്കുന്ന ആത്മീയഭവനം നിങ്ങൾക്കുണ്ടാകും, നിങ്ങളെ താങ്ങുവാനും സഹായിക്കുവാനും കഴിയുന്ന ആളുകളുള്ള കുടുംബമാണ് നിങ്ങൾക്കു കിട്ടുന്നത്.

എഴുതി വയ്ക്കുക: യേശുവാണ് ഉത്തരം – ഏക ഉത്തരം (യോഹന്നാൻ 14:6). നിങ്ങൾ യേശുവിനെ തള്ളിക്കളഞ്ഞാൽ, തീർ ച്ചയുള്ള ഉത്തരങ്ങൾ ഇല്ല – ആത്മാവിനെ തൃപ്തിപ്പെടുത്താവുന്ന

ഉത്തരങ്ങൾ – വേറെയില്ല. ഇപ്പോൾ തന്നെ യേശുവിന്റെ അടുക്കലേയ്ക്കു വരിക!

---

**കുറിപ്പുകൾ**

[1]"വീട്" "ഭവനം" എന്നതു സൂചിപ്പിക്കുന്നതു പത്രൊസിന്റെ അമ്മായിഅമ്മയുടെ വീടാണ്. [2]KJV യിൽ പറഞ്ഞിരിക്കുന്നതു "സിക്ക് ഓഫ് ദി പാൾസി" എന്നാണ്. ഞാൻ ഓക്‌ലഹോമിൽ വളർന്നു വന്നപ്പോൾ ആളുകൾ കൈ കൊടുത്തുകൊണ്ട് "ഐഹാവ് ഗോട് പാൾസി" എന്നു പറയാറുണ്ടായിരുന്നു. അതായിരുന്നില്ല ഈ സാധു മനുഷ്യനെ ബാധിച്ചിരുന്നത്. [3]ചാൾസ് കെ. എർഡ്മാൻ, ദി ഗോസ്പൽ ഓഫ് മാർക്ക് (ഫിലാദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1964), 50. [4]10-ാം വാക്യത്തിൽ KJV ഉപയോഗിച്ചിരിക്കുന്നത് "ശക്തി" എന്നാണ്. [5]എന്റെ കുടുംബം വാസ്തവത്തിൽ ആ പരസ്യങ്ങൾ വിശ്വസിച്ചിരുന്നു! ഞങ്ങൾ ആസ്ട്രേലിയയിൽ, നിന്നു മടങ്ങി വന്നു കുറെ വർഷങ്ങൾക്കു ശേഷം എന്റെ നടുവിലത്തെ മകൾ മൂന്നു വർഷത്തേക്കു ആസ്ട്രേലിയയിലേക്കു പോയി. പിന്നീട്, മൂത്ത മകൾ വിവാഹം കഴിഞ്ഞ് മെയിനിലേക്കു പോയി. ഇളയമകൾ ഗ്രാഡ്വേറ്റ് ചെയ്ത ശേഷം, ജപ്പാനിൽ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുവാനായി മൂന്നു വർഷം അവിടെ ചെലവിട്ടു, ഇപ്പോൾ എന്റെ മൂത്ത മകൾ റുമേനിയയിലാണ്. ഞങ്ങൾ ആരെയെങ്കിലും സ്പർശിക്കത്തക്കവണ്ണം പോകുമ്പോൾ വാസ്തവത്തിൽ *അവരെ കണ്ടെത്തുകയാണ്* ചെയ്യുന്നത്. [6]അമേരിക്കൻ ശ്രോതാക്കൾക്കറിയാം "മോശപ്പെട്ടവരേയും വൃത്തികെട്ടവരേയുമല്ല, അവർ കണ്ടെത്തുവാൻ പോയതു നല്ലവരെയാണ്" എന്നതു. [7]ചിലർ എന്നോടു വിയോജിച്ചേക്കാം, ഒരു വാക്കു – കൊണ്ടു മരിച്ചവരെ ഉയിർപ്പിക്കുവാൻ യേശുവിനു കഴിഞ്ഞെങ്കിൽ, എനിക്കു തോന്നുന്നു, കുഷ്ഠരോഗിയേയും അങ്ങനെ അവനെ തൊടാതെ തന്നെ സൗഖ്യമാക്കാം. [8]പലപ്പോഴും നാം യേശുവിന്റെ ആളുകൾ സഹായത്തിനു ശ്രമിക്കുമ്പോൾ, പുരുഷാരം മാർഗ്ഗമദ്ധ്യേ ഉണ്ട്. എന്തെങ്കിലും സാത്താൻ വഴിയിൽ കൊണ്ടു വന്നിരിക്കും. നമ്മുടെ സന്ദർഭത്തിലെ നാലു പുരുഷന്മാർ ചെയ്തതുപോലെ – നാമും യഥാർത്ഥത്തിൽ യേശുവിന്റെ അടുക്കൽ എത്തുവാൻ ആഗ്രഹിച്ചിരുന്നു. [9]ഇതു സഭയിലാണ് സംഭവിച്ചതെങ്കിൽ, ഞാൻ പറയും,"നമുക്കു ഒരു *കമ്മിറ്റി* വിളിച്ചു ഒരു പദ്ധതി... തയ്യാറാക്കണം അതിനെ വിലയിരുത്താൻ മൂന്നാഴ്ചക്കുള്ളിൽ വീണ്ടും ചേരാം". [10]ഈ പാഠഭാഗത്തിലെ മൂന്നു ആശയങ്ങൾ എടുത്തിരിക്കുന്നതു, വില്ല്യം ബാർക്ക്‌ലെയുടെ, ദി ഗോസ്പൽ ഓഫ് മാത്യു, വോള്യം – 1 ദി ഡെയിലി ബൈബിൾ സീരീസ് (ഫിലാദെൽഫിയാ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1956).

[11]ആറു കുടുംബങ്ങളുമൊത്ത് ഞാൻ ആസ്ട്രേലിയയ്ക്കു പോയി. ആരംഭത്തിൽ, ഞങ്ങൾക്ക് അറുമാസത്തെ ലീസിന്നു ഉപകരണങ്ങൾ അടക്കമുള്ള വീടുകൾ വാടകയ്ക്കു എടുക്കാനേ കഴിഞ്ഞുള്ളു. അതിനർത്ഥം, മാസത്തിലൊരിക്കൽ ഒരു വീടു കണ്ട് മാറേണ്ടി വന്നു. വീടുകൾക്കു ക്ലോത്ത് ക്ലോസറ്റുകൾ, ഉണ്ടായിരുന്നില്ല. മാറിയപ്പോൾ ക്ലോത്ത് വാർഡ് ഡ്രോപ്സ് (വളരെയധികം ഭാരമുള്ള ഉപകരണങ്ങളും, വാങ്ങേണ്ടി വന്നു). അവയെല്ലാം ഓരോ സമയത്തും – മുകളിലെ നിലയിലേക്കു ചുമക്കേണ്ടിയും വന്നു. വലുപ്പമുള്ള വസ്തു കോണിപ്പടി കയറ്റി മുകളിലേക്കു കൊണ്ടു പോകുന്ന വിഷമം എനിക്കറിയാം! [12]ലൂക്കോസ് 5-ലെ ഒത്തുവാക്യത്തിൽ പറഞ്ഞിരിക്കുന്നതു "അവർ മേൽക്കൂരയിൽ കയറി ഓടിളക്കി അവനെ താഴേക്കിറക്കി" എന്നാണ് (വാക്യം 19). അതുകൊണ്ടു മേൽക്കൂര മറ്റൊരു രീതിയിലായിരുന്നേക്കാം. മേൽക്കൂരയിൽ ഉപയോഗിച്ചിരുന്ന വസ്തുക്കൾ എന്തായാലും, അതു പൊളിച്ച് അവരുടെ സ്നേഹിതനെ യേശുവിന്റെ അടുക്കൽ എത്തിച്ചു. [13]ഞാനായിരുന്നെങ്കിൽ, "എന്റെ വീട്ടുടമസ്ഥന്റെ ഇൻഷുറൻസ് അതിന്റെ നഷ്ടം നികത്തും" എന്നു വിചാരിച്ചേനേ. [14]പ്രത്യേക സുവിശേഷ

പരിശ്രമം, ഇടവകയിൽ വന്നതനുസരിച്ചു അംഗങ്ങൾ അവരുടെ സ്നേഹിതരെ ആദ്യം *ഭക്ഷണത്തിനും* പിന്നീട് യോഗങ്ങളിലേക്കും ആനയിക്കുകയും ചെയ്യുന്നു. അതു "ചെലവുള്ളതാണ്". ഇതു പോലുള്ള സൂചനകൾ അംഗങ്ങൾക്കു നല്കാവുന്നതാണ്: "നാലുകൈകളും ഒരുമിച്ച് (രണ്ടു ദമ്പതിമാർ). "നാലു പേരും ഒരുമിച്ചു നഷ്ടപ്പെട്ട ഒരാത്മാവിനെ മീറ്റിങ്ങിൽ യേശുവിന്റെ അടുക്കൽ കൊണ്ടു വരുന്നു എങ്കിൽ? ഈ നാലു സ്നേഹിതന്മാരുടെ സ്നേഹപ്രകടനത്തെ എതിർത്തേക്കാം." [15]സഭാ കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ചാണെങ്കിലും യേശുവിന്റെ അടുക്കൽ ആളുകളെ എത്തിക്കണം എന്നു പ്രായോഗികതലത്തിൽ പറയാം. [16]അമേരിക്കയിൽ ഭൂരിഭാഗം പേരും പായിലല്ല ഉറങ്ങുന്നതു, അതുകൊണ്ടാണ് വ്യായാമം ചെയ്യുന്ന പായ് എന്നു പറഞ്ഞതു. അവർക്കു മനസിലാക്കാൻ വേണ്ടിയാണ് ശ്രോതാക്കൾക്കു മനസിലാകുന്ന രീതിയിൽ ഇതിനെ ചിത്രീകരണമായി വിവരിക്കാവുന്നതാണ്. [17]"സൺ" എന്ന ഇംഗ്ലീഷ് വാക്ക് *ടെക്നോൺ* എന്ന മൂലഭാഷയിലെ വാക്ക് തർജ്ജിമ ചെയ്തതാണ്. [18]ഊന്നൽ കൊടുക്കുന്നതിനു നാം ഉപയോഗിക്കുന്ന, സൂത്രങ്ങളിൽ അധികവും ഗ്രീക്കുകാർ ഉപയോഗിച്ചിരുന്നില്ല. നമ്മൾ അടിവരയിടുകയോ ചരിച്ചെഴുതുകയോ ചെയ്തേക്കാം. അവർ ഊന്നൽ കൊടുക്കുവാനായി ഒന്നുകിൽ അതു ആദ്യം ഉപയോഗിക്കും. അല്ലെങ്കിൽ ആദ്യത്തെ വാചകത്തിനോടു ചേർത്തു ഉപയോഗിക്കും. [19]ബൈബിൾ കാലത്തിലെ പൊതുവായ ആശയമായിരുന്നു ഇതു (യിയ്യോബ് 4:7; 27:5-10; ലൂക്കോസ് 13:4; യോഹന്നാൻ 9:2). ചിലപ്പോൾ പാപവും ശാരീരിക പ്രശ്നവും, തമ്മിൽ നേരിട്ടു ബന്ധമുണ്ടായേക്കാം. ഉദാഹരണമായി ലൈംഗികബന്ധം മൂലമുണ്ടാകുന്ന വ്യാധി, എങ്ങനെയായാലും ഈ മനുഷ്യന്റെ ശാരീരിക വൈകല്യം ആത്മീയ പ്രശ്നം നിമിത്തമാണെന്നതിനു തെളിവില്ല. [20]ചില പ്രമുഖ "സിനിമാ നടന്മാർ" അവരുടെ അഭിനയത്താൽ അതുകാണുകയും കേൾക്കുകയും ചെയ്യുന്ന, അനേകരുടെ മനസും, ആത്മാവും മലിനീകരിക്കയാണ്.

[21]ഇവിടെ ഞാൻ അല്പം മർമ്മം കൊടുക്കാറുണ്ട്: "നിങ്ങൾക്കു വിശ്വസിക്കാൻ പ്രയാസമായിരിക്കും, എന്നാൽ നിങ്ങൾ അതിനു കീഴ്പ്പെട്ടേക്കാം (അതിരുകളോ, അയൽ സംസ്ഥാനമോ). വിമർശകർ ആരാധനക്കു വരും - എന്തിലും അവർക്കു കുറ്റം കണ്ടെത്താനും കഴിയും!" [22]ഇംഗ്ലീഷിൽ "സ്ക്രൈബ്" എന്നതും "സ്ക്രീബിൾ" എന്നതും ബന്ധപ്പെട്ടാണിരിക്കുന്നത്. [23]"പരീശന്മാരും ന്യായശാസ്ത്രിമാരും" അവിടെ ഉണ്ടായിരുന്നു ലൂക്കൊസ് 5:17. "ഗലീലയിലും യെഹൂദ്യയിലുമുള്ള സകല ഗ്രാമത്തിൽ നിന്നും" യെരൂശലേമിൽ നിന്നും ഉള്ളവർ (ലൂക്കോസ് 5:21). ഒരു ഉപദേശ്ടാവിനെ പരിശോധിക്കുന്നത തെറ്റല്ല (പ്രവൃത്തി 17:11) പിന്നെ, ദുരുപദേഷ്ടാക്കളെ പുറത്തു കാണിക്കണമായിരുന്നു (1 യോഹന്നാൻ 4:1). അവരുടെ ഹൃദയം നന്നായിരുന്നെങ്കിൽ അവർ ചെയ്യുന്നതും നന്നാകുമായിരുന്നു. എങ്ങനെയായാലും, അവർക്കു, നല്ല ഹൃദയം ഇല്ലായിരുന്നു. [24]ലേവ്യാ പുസ്തകം 24:16. [25]ബൈബിൾ രേഖയനുസരിച്ചു യേശുവിനു മാത്രമെ വാസ്തവത്തിലുള്ള ESP യുള്ളൂ; അവനു മാത്രമെ ആളുകളുടെ മനസു വായിക്കുവാനും അവരുടെ ചിന്ത എന്തെന്നറിയുവാനും കഴിഞ്ഞിരുന്നുള്ളൂ. ഏതെങ്കിലും ഒരു വ്യക്തിക്കു ഇതിനു കഴിയുമെന്നു പറഞ്ഞാൽ അവൻ കർത്താവിനോടു മത്സരിക്കുകയാവും. [26]"മനുഷ്യപുത്രൻ" എന്നതു ഏതാണ്ടു എൺപതു പ്രാവശ്യം സുവിശേഷങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. പതിനാലു പ്രാവശ്യം മർക്കൊസിന്റെ സുവിശേഷത്തിലാണ്. ഇതാണ് മർക്കൊസിന്റെ സുവിശേഷത്തിൽ ആദ്യമായി കാണുന്നത്. [27]പാപം മോചിച്ചു കൊടുക്കുവാനുള്ള അധികാരം ഒരു മനുഷ്യനും ഇല്ല. [28]ഈ സന്ദർഭത്തിൽ ആ മൂന്നു പ്രാവശ്യം എന്നത്, വ്യപിചാരകുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും (യോഹന്നാൻ 8:11), ക്രൂശിലെ കള്ളനോടും (ലൂക്കൊസ് 23:43). [29]"എല്ലാവരും കാൺകെ," ആർക്കും കാണാതിരിക്കാൻ കഴിയുമായിരുന്നില്ല. [30]അത്ഭുതങ്ങളുടെ ഫലത്തെ എല്ലാ എഴുത്തുകാരും ഊന്നിപറയുന്നത് ജനങ്ങൾ "ദൈവത്തെ മഹത്വപ്പെടുത്തി" എന്നതാണ്. യേശു എല്ലായിപ്പോഴും ദൈവത്തിനു മഹത്വം കൊടുത്തതു പോലെ - നാമും കൊടുക്കണം. [31]അത്ഭുതങ്ങൾ നടന്നത് പ്രകൃതി നിയമത്തിനപ്പുറമോ അതിനെതിരായിട്ടോ ആയിരുന്നു; കരുണ പ്രവൃത്തിക്കു

ന്നത് പ്രകൃതി നിയമം മുഖാന്തരമായിരുന്നു.

---

**യേശുവിന്റെ കാൽക്കൽ**

ആളുകൾ യേശു ക്രിസ്തുവിനെ നമസ്കരിക്കുമ്പോൾ അവർ നുറുങ്ങി കീഴ്പ്പെട്ട് അവന്റെ കാല്ക്കൽ വീഴുകയല്ല, അത്ഭുതാവഹമായ സ്നേഹത്തോടെയാണ്, "അത്തരം ഒരു ശക്തിയെ എതിർക്കുവാൻ എനിക്കാവുകയില്ല" എന്നല്ല ഒരാൾ പറയുന്നത് അവൻ പറയുന്നു, ''സ്നേഹം വിസ്മയിപ്പിക്കുന്നതും, ദൈവീകവും, എന്റെ ജീവിതത്തിൽ ആത്മവും എന്റെ എല്ലാം ആവശ്യപ്പെടുന്നതുമാണ്." ഒരു മനുഷ്യൻ പറയുകയില്ല, "ഞാൻ കീഴ്പ്പെടുവാൻ നിർബന്ധിതനായി". അവൻ പറയുന്നു, "അത്ഭുതത്തിൽ, സ്നേഹത്തിലും പുകഴ്ചയിലും ഞാൻ നഷ്ടപ്പെട്ടിരുന്നു."

ഫിലിപ്പിയൻസ്
വില്ല്യം ബാർക്ക്ലെ